**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1185** **07-12-2022 - ൽ മറുപടിയ്ക്ക്**

**താന്നിക്കോട് മല കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ ഏതൊക്കെ ഗ്രാമപഞ്ചായത്തുകൾക്കു വേണ്ടിയാണ് താന്നിക്കോട് മല കേന്ദ്രമായി കുടിവെള്ള പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്; ഇതിനുവേണ്ടി ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവ് വഹിക്കേണ്ടത് സംബന്ധിച്ച് ധാരണയിലെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി - ചാത്തമംഗലത്തിനും സമീപ പഞ്ചായത്തു കൾക്കുമായി ശുദ്ധ ജല വിതരണ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. അതിനു ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ജല ശുദ്ധീകരണ ശാല 'കൂളിമാട്' ആണ് നിർമ്മിയ്ക്കാൻ ഉദ്ദേശിക്കുന്നത്. കൂളിമാട് ജല ശുദ്ധീകരണ ശാലയിൽ നിന്നും വരുന്ന ജലം താന്നിക്കോട്ടുമലയിൽ സ്ഥാപിക്കുന്ന 75 ദശലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ജല സംഭരണിയിൽ നിന്നും ചാത്തമംഗലം, ഉണ്ണികുളം, കട്ടിപ്പാറ, കിഴക്കോത്ത്, പുതുപ്പാടി, മടവൂർ, താമരശേരി, കോടഞ്ചേരി എന്നീ പഞ്ചായത്തുകൾക്കും, കൂടാതെ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി - കാരശ്ശേരിയും സമീപ പഞ്ചായത്തുകളി ലേക്കുള്ള ശുദ്ധജല വിതരണ പദ്ധതിയിൽ ഉൾപ്പെടുന്ന ഓമശ്ശേരി, കൊടിയത്തൂർ (ഭാഗികമായി - 50%) എന്നീ പഞ്ചായത്തുകൾക്കും ആണ് ഈ പദ്ധതി വഴി ശുദ്ധ ജല വിതരണം നൽകാൻ ലക്ഷ്യമിടുന്നത്. ഈ പദ്ധതികൾക്കാവശ്യമായ താന്നികോട്ടു മലയിൽ സ്ഥാപിക്കുന്ന ജല സംഭരണി നിർമ്മിക്കാനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ചെലവു വഹിക്കുന്നതിലേക്കായി അതതു പഞ്ചായത്തുകൾ പ്രൊജക്റ്റ് പ്രൊപ്പോസൽ പഞ്ചായത്ത് ഭരണസമിതി അംഗീകാരത്തിനു ശേഷം മേൽ നടപടികൾക്കായി ജില്ലാ പ്ലാനിംഗ് ഓഫീസിലേക്ക് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ആകെ ചെലവ് എത്ര രൂപയാണെന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതിക്കായി 701.00 കോടി രൂപയ്ക്കാണ് ഭരണാനുമതി നൽകിയിരിക്കുന്നത്. |
| (സി) | പദ്ധതിയുടെ ഭാഗമായി കുടിവെള്ളം ലഭ്യമാക്കുന്ന പ്രദേശങ്ങളിൽ നിന്നും കൊടുവള്ളി നഗരസഭയെ | (സി) | ഗ്രാമീണ മേഖലക്കായുള്ള ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ചാത്തമംഗല ത്തിനും അനുബന്ധ പഞ്ചായത്തുകൾക്കും ഉള്ള കുടിവെള്ള |

| | | | |
|---|---|---|---|
| | ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ? | | പദ്ധതിയുടെ ഡിസൈൻ തയ്യാറാക്കിയതിൽ കൊടുവള്ളി മുനിസിപ്പാലിറ്റിയുടെ ആവശ്യകത കൂടി കണക്കിലെടുത്താണ് പദ്ധതി രൂപകല്പന ചെയ്തത്. ടി നഗരസഭയിൽ നിലവിൽ ജല ശുദ്ധീകരണ ശാലയുള്ള കുടിവെള്ള പദ്ധതികൾ നിലവിലില്ലാത്തതിനാലും സ്ഥായിയായ സ്രോതസ്സിന്റെ അഭാവവും കണക്കിലെടുത്താണ് ഈ പദ്ധതിയിൽ കൊടുവള്ളി നഗരസഭയുടെ ജല ആവശ്യകത പരിഗണിച്ചിരിക്കുന്നത് എന്നാൽ ജല ജീവൻ മിഷൻ പദ്ധതി ഗ്രാമപ്രദേശങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നതിനാൽ ടി പദ്ധതിയുടെ ഭാഗമായി കൊടുവള്ളി നഗരസഭയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടപ്പിലാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ